LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 14-2-11-ലെ സ.ഉ(എംഎസ്.) നമ്പർ 36/11/പൊ.വി.വ. പ്രകാരം അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളം സംബന്ധിച്ച് സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചു നല്കിയ സ.ഉ.(എംഎസ്.) നമ്പർ 202/11/പൊ.വി.വ. തീയതി 7-10-11 ഉത്തരവിൽ പ്രത്യേക വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് സർക്കാർ സ്കൂളുകളിലെ ശമ്പള സ്കെയിൽ അവർക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ WA No. 1042/12-ന്റെ 14-9-2012-ലെ വിധിപ്രകാരം ശമ്പളം നിർണ്ണയിക്കാൻ സി.ബി.എസ്.ഇ.-ക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ ശമ്പളം നിശ്ചയിക്കുന്നതു വരെ ടി സ്കൂളുകളിലെ പ്രൈമറി/മിഡിൽ വിഭാഗത്തിലെ അദ്ധ്യാപകർക്ക് 10,000 രൂപയും സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 15,000 രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 20,000 രൂപയും അനദ്ധ്യാപകർ, ക്ലറിക്കൽ സ്റ്റാഫിന് 6,000 രൂപയും ക്ലാസ് 4 ജീവനക്കാർക്ക് 4,500 രൂപയും നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ജി.ഒ.(എംഎസ്.) നമ്പർ 202/2011/G.Edn. Dated: 7-10-2011 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഗവൺമെന്റ് റേറ്റിലുള്ള ശമ്പളവും അലവൻസുകളും നൽകുമെന്ന് സ്കൂൾ അധികാരികൾ സർക്കാരുമായി എഗ്രിമെന്റ് വച്ചതിനുശേഷമാണ് CBSE/ICSE അഫിലിയേഷനു വേണ്ടിയുള്ള NOC നൽകുന്നത്. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടെയും അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക സംഘടനാ പ്രതിനിധികളുടേയും പങ്കാളിത്തമുള്ള ഒരു സ്റ്റേറ്റ് ലവൽ കമ്മിറ്റി രൂപീകരിക്കുകയും പരാതികൾ പരിശോധിക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം പരാതികളിന്മേൽ അന്വേഷണം നടത്താനും റിപ്പോർട്ട് സമർപ്പിക്കുവാനും എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് മുടക്കം കൂടാതെ ശമ്പളം

39 (1093) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം 3 മാസക്കാലമായി മുടങ്ങിക്കിടക്കുകയാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് മുടക്കം കൂടാതെ ശമ്പളം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓണറേറിയം കൃത്യമായി നൽകി വരുന്നുണ്ട്.

(ബി) ഓണറേറിയം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ മാസം വരെ വേതനം നൽകാൻ വേണ്ട തുക അഡ്വാൻസായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

ആർ.എം.എസ്.എ. പദ്ധതി

40 (1094) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപക നിയമനത്തിനും എന്തൊക്കെ കാര്യങ്ങൾ ചെയ്തു ; വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2010-11 വർഷം 4 സ്കൂളുകളും 2011-12 വർഷം 2 സ്കൂളുകളും അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. 6 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾ താഴെ പറയുന്നവയാണ്.

(1) ജി.യു.പി.എസ്. വൻമുഖം

(2) ജി.യു.പി.എസ്. പേരാമ്പ്ര, പ്ലാന്റേഷൻ

(3) ജി.യു.പി.എസ്. വെങ്ങപ്പറ്റ

(4) ജി.യു.പി.എസ്. കാവിലുംപാറ

(5) ജി.എം.യു.പി.എസ്. രാരോത്ത്

(6) ജി.യു.പി.എസ്. ചെറുവണ്ണൂർ

(ബി) ഈ സ്കൂളുകളിൽ ഭൗതീകസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എം.എച്ച്.ആർ.ഡി.-യുടെ വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടില്ല. എം.എച്ച്.ആർ.ഡി. അനുവദിച്ച തസ്തികകളിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly